പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1873 05-10-2016-ൽ മറുപടിക്ക്

**കാലഹരണപ്പെട്ട നിയമങ്ങൾ**

| ചോദ്യം<br>ഡോ. എൻ.ജയരാജ് | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | നിലവിലുള്ള നിയമങ്ങൾ പ്രകാരം, കുറ്റകൃത്യങ്ങൾക്ക് നൽകുന്ന ശിക്ഷയും പിഴയും കുറവാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) + (ബി) സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിലവിലുള്ള നിയമങ്ങളിൽ കേന്ദ്ര നിയമങ്ങളും, സംസ്ഥാന നിയമങ്ങളും ഉൾ പ്പെടുന്നതാണ്. പ്രസ്തുത നിയമ ങ്ങളിൽ, ഓരോ കുറ്റകൃത്യത്തിന്റെയും ഗൗരവ സ്വഭാവം കണക്കിലെടുത്തുള്ള ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ നിയമത്തിൻ കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾക്ക് നൽകുന്ന ശിക്ഷയും പിഴയും കുറവാണോ എന്നകാര്യം കേന്ദ്ര നിയമങ്ങളുടെ കാര്യത്തിൽ ലോ കമ്മീഷൻ അതത് കാലങ്ങളിൽ പരിശോധിക്കുന്നതും വേണ്ട ഭേദഗതികൾക്കുള്ള ശുപാർശകൾ നൽകാറുമുണ്ട്. സംസ്ഥാന നിയമങ്ങളുടെ കാര്യത്തിൽ തടവ് ശിക്ഷയോ, പിഴശിക്ഷയോ വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നപക്ഷം സർക്കാർ തലത്തിൽ പരിശോധിച്ചശേഷം ഭേദഗതികൾ നടത്തുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ സഭ സ്വീകരി-ക്കുന്നതാണ്. |
| (ബി) | എങ്കിൽ ഇവ കാലാനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.